പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6286

11.07.2012 ലെ മറുപടിയ്ക്ക്

# സെസ്സിനെ ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി :<br>ശ്രീ. പി.എ. മാധവൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സെസ്സിനെ ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) സെസ്സിനെ ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺ സിൽ കേന്ദ്ര ഭൗമ ശാസ്ത്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്ര ഗവൺമെന്റ് പ്രസ്തുത സ്ഥാപനം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (ബ) ഉണ്ട്. |
| (സി) എങ്കിൽ ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; | (സി) 1) ഭൗമ ശാസ്ത്ര പഠനത്തിന് ഇന്ത്യയിൽ തന്നെ ആദ്യത്തെ സംരംഭം എന്ന നിലയിൽ സമഗ്രമായ ഒരു ഗവേഷണ സ്ഥാപനം കേരളത്തിന് ലഭിക്കുക എന്നത് എന്തുകൊണ്ടും അഭിമാനമർഹിക്കുന്ന ഒന്നാണ്.<br><br>2) അത്യാധുനികമായ ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ ഈ സ്ഥാപനത്തിന് ദേശീയവും അന്തർദ്ദേശീയവുമായ ദിശകളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാനും ഭൗമശാസ്ത്ര പഠനം വിപുലീകരിക്കാനും അതോടനുബന്ധിച്ചുള്ള വിവിധ മേഖലകളിലെ ഗവേഷണത്തിനും ഇത് സഹായകമാകും.<br><br>3) ഭൗമ ശാസ്ത്രത്തിലും കേരളത്തിന്റെ Geotechtonic Area-യിലുള്ള വികസനവും, പാരിസ്ഥിതികവും, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള അനവധി മേഖലകളിൽ ഭാരത സർക്കാരിന്റെ വിപുലമായ സാമ്പത്തിക സഹായം, സാമ്പത്തിക പരാതീനതകൾ അനുഭവി |

ക്കുന്ന ഇതുപോലുള്ള ചെറിയ സ്ഥാപന ത്തിന് പ്രതീക്ഷിക്കാവുന്നതാണ്.

4) വിവിധ തൊഴിലാവസരങ്ങൾസൃഷ്ടി ക്കാൻ സാധിക്കുന്നതാണ്.
5) ഇപ്പോൾ സെസ്സിന് കൊടുക്കുന്ന കേരള സർക്കാരിന്റെ പരിമിതമായ സാമ്പത്തിക സഹായം മറ്റ് വികസന മേഖലകളി ലേയ്ക്ക് കേരള സർക്കാരിന് വിനിയോ ഗിക്കാനാകും മാത്രമല്ല ഭാരത സർക്കാ രിന്റെ കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക സഹായം ലഭ്യമാക്കാനാകും.

| | |
|---|---|
| (ഡി) കേന്ദ്ര ഗവൺമെന്റുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയി ട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശം വിശദമായി പരിശോധിക്കുന്നതിനായി ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ മുൻസെ ക്രട്ടറി ഡോ. ഗോയൽ ചെയർമാനായിട്ടു ള്ള ഒരു വിദഗ്ദ്ധ കമ്മറ്റി കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റി 2012 ജൂൺ 25 ന് സെസ്സ് സന്ദർശിക്കുകയും പ്രസ്തുത സന്ദർശനവേളയിൽ സെസ്സിന്റെ ഏറ്റെടുക്കൽ സംബന്ധിച്ചും ഗവേഷണ മേഖലകളെപ്പറ്റിയും ചർച്ച നടത്തിയിട്ടു ണ്ട്. |

Haneefa

സെക്ഷൻ ഓഫീസർ